# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജൂലൈ 27, ചൊവ്വാഴ്ച

**നമ്പർ 16**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

കോവിഡ് മഹാമാരിയും ലോക്ഡൗണും കാരണം ഉണ്ടായ തകർച്ചയും, സാധാരണ ജനങ്ങൾക്കുണ്ടായ സാമ്പത്തികബാധ്യതയും പരിഹരിക്കാൻ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരസ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) പൊതുവിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി വിഭാഗം ജീവനക്കാരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിനും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ഇ. ചന്ദ്രശേഖരൻ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തിന് പുറത്ത് അലൈഡ് ഹെൽത്ത് കോഴ്സുകൾ പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് കേരള പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനും പ്രസ്തുത കോഴ്സുകൾക്ക് കേരള ആരോഗ്യ സർവ്വകലാശാലയുടെ തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എ. കെ. എം. അഷ്റഫ് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | കാർഷിക സർവ്വകലാശാല വൈസ്-ചാൻസിലർ തെരഞ്ഞെടുപ്പ് | ബഹു. കൃഷി വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ദേശീയ ജലപാത | ബഹു. മുഖ്യമന്ത്രിക്കുവേണ്ടി ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി |
| 3 | ശ്രീമതി സി. കെ. ആശ | ശുചീകരണ തൊഴിലാളികളുടെ ശമ്പള പരിഷ്കരണവും പെൻഷനും | ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി |
| 4 | ശ്രീ. എച്ച്. സലാം | അമ്പലപ്പുഴയിൽ തോട്ടപ്പള്ളി മാത്തേരി മുതൽ പുറക്കാട് വരെയും പുന്നപ്ര മുതൽ ആലപ്പുഴ വിജയ് പാർക്ക് വരെയും പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മാണം | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. വിജിൻ | കണ്ണൂർ ജില്ലയിലെ കെൽട്രോൺ കോംപണന്റ് ലിമിറ്റഡിൽ വൈവിധ്യവൽക്കരണം | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. സണ്ണി ജോസഫ് | വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള ജനവാസ കേന്ദ്രങ്ങളെ പരിസ്ഥിതിലോല നിയമ ത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിന് നടപടി | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ വാങ്ങുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന് അനുമതി | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ടി. എ. റഹീം | കുന്ദമംഗലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് | ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. ലിന്റോ ജോസഫ് | തിരുവമ്പാടിയിലെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | വേങ്ങര കുന്നുംപുറം PHC CHC ആക്കി ഉയർത്തുന്നതിനും വേങ്ങര CHC-യിൽ സർക്കാർ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനും | ബഹു. ആരോഗ്യവും വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം :</u>

രണ്ടാം സമ്മേളന കാലയളവിൽ സഭയിൽ ഹാജരാകാതിരിക്കുന്നതിന് ചട്ടം 170(1) അനുസരിച്ച് ശ്രീ. കടകംപള്ളി സുരേന്ദ്രൻ സമർപ്പിച്ചിരുന്ന അപേക്ഷ ബഹു. സ്പീക്കർ സഭയിൽ വായിച്ചു. ശ്രീ. കടകംപള്ളി സുരേന്ദ്രന് സഭയിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകി.

ധനകാര്യം :

2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തുവച്ചു.

XXXVII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 4, 5, 6, 8, 9, 10, 11, 13, 14, 16, 18, 20, 21, 23, 24, 30, 32, 33, 34, 35, 36, 37, 38 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXIX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 5, 6, 8, 9, 10, 11, 14, 15, 16, 18, 21, 22, 23, 24, 28, 29, 30, 31, 32, 33, 34, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. പി. നന്ദകുമാർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. വി. ശശി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു *(നെന്മാറ)*

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

ശ്രീ. കെ. പി. മോഹനൻ

ശ്രീ. എം. നൗഷാദ്

ശ്രീ നജീബ് കാന്തപുരം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. വാഴൂർ സോമൻ

ശ്രീ. എം. എം. മണി

ശ്രീ. പി. ടി. തോമസ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും, വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XXXVII, XXXIX എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2021 ജൂലൈ 28-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.54-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Second Session

# BULLETIN—PART I

(Brief Record of Proceedings )

*Tuesday, July 27, 2021*

**No. 16**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Two Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister and Minister for Finance, the Speaker withheld consent to the moving of an adjournment motion given notice of by Shri P. K. Kunhalikutty and four other Members to the serious situation reported to have arisen consequent to the failure of the State Government to make effective interventions to solve the financial downfall and difficulties faced by the common people due to Covid-19 pandemic and lockdown.

(As a mark of protest against the attitude of the Government the Members belonging to the opposition staged a walkout.)

*Calling Attention :*

1. Shri E. Chandrasekharan called the attention of the Minister for General Education and Labour to the necessity to take steps to approve the appointments and to revise the service and wages conditions of pre-primary employees of Government schools. The Minister made a statement thereto.

KNPP. 1135/2021(ii).

2. Shri A. K. M. Ashraf called the attention of the Minister for Health and Women and Child development to the necessity to take steps to make available Kerala Paramedical Council's registration for job aspirants who have completed Allied Health Courses from outside States and to get Equivalency Certificate to these courses from Kerala University of Health Sciences. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | കാർഷിക സർവ്വകലാശാല വൈസ്-ചാൻസിലർ തെരഞ്ഞെടുപ്പ് | ബഹു. കൃഷി വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ദേശീയ ജലപാത | ബഹു. മുഖ്യമന്ത്രിക്കുവേണ്ടി ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി |
| 3 | ശ്രീമതി സി. കെ. ആശ | ശുചീകരണ തൊഴിലാളി കളുടെ ശമ്പള പരിഷ്കരണവും പെൻഷനും | ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി |
| 4 | ശ്രീ. എച്ച്. സലാം | അമ്പലപ്പുഴയിൽ തോട്ടപ്പള്ളി മാത്തേരി മുതൽ പുറക്കാട് വരെയും പുന്നപ്ര മുതൽ ആലപ്പുഴ വിജയ് പാർക്ക് വരെയും പുലിമുട്ടോടുകൂടിയ കടൽഭിത്തി നിർമ്മാണം | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. എം. വിജിൻ | കണ്ണൂർ ജില്ലയിലെ കെൽട്രോൺ കോംപണന്റ് ലിമിറ്റഡിൽ വൈവിധ്യവൽക്കരണം | ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. സണ്ണി ജോസഫ് | വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള ജനവാസ കേന്ദ്രങ്ങളെ പരിസ്ഥിതിലോല നിയമത്തിന്റെ പരിധിയിൽനിന്നു ഒഴിവാക്കുന്നതിന് നടപടി | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ വാങ്ങുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന് അനുമതി | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ടി. എ. റഹീം | കുന്ദമംഗലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് | ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. ലിന്റോ ജോസഫ് | തിരുവമ്പാടിയിലെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | വേങ്ങര കുന്നുംപുറം PHC CHC ആക്കി ഉയർത്തുന്നതിനും വേങ്ങര CHC-യിൽ സർക്കാർ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനും | ബഹു. ആരോഗ്യവും വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Leave of Absence from sittings of the House :*

The Speaker read out the request from Shri Kadakampally Surendran for leave of absence from the sittings of the Second Session as per Rule 170 (1). The House granted permission to Shri Kadakampally Surendran from being absent in the House.

*Financial Business :*

*Discussion and Voting on Demands for Grants in the Revised Budget for the financial year 2021-2022*

Shri P. Rajeeve, Minister for Law, Industries and Coir moved Demand No. XXXVII–Industries and Shri K. Krishnankutty, Minister for Electricity moved Demand No. XXXIX–Power for the amounts shown respectively against them under column No. 9 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demand Nos. XXXVII and XXXIX.

The cut motion Nos. 2, 4, 5, 6, 8, 9, 10, 11, 13, 14, 16, 18, 20, 21, 23, 24, 30, 32, 33, 34, 35, 36, 37, 38 in the list of cut motions for Demand No. XXXVII and cut motion Nos. 1, 2, 3, 5, 6, 8, 9, 10, 11, 14, 15, 16, 18, 21, 22, 23, 24, 28, 29, 30, 31, 32, 33, 34, 35, 36 in the list of cut motions for Demand No. XXXIX were moved.

The following members took part in the discussion:

Shri P. Nandakumar

Shri Eldose P. Kunnappillil

Shri V. Sasi

Shri Manjalamkuzhi Ali

Shri K. Babu (*Nenmara*)

Shri Sebastian Kulathunkal

Shri Xavier Chittilappilly

Shri P. C. Vishnunadh

Shri P. J. Joseph

Shri K. N. Unnikrishnan

Shri K. P. Mohanan

Shri M. Noushad

Shri Najeeb Kanthapuram

Shri K. P. Kunhammed Kutti Master

Shri Vazhoor Soman

Shri M. M. Mani

Shri P. T. Thomas.

Shri P. Rajeeve, the Minister for for Law, Industries and Coir and Shri K. Krishnankutty, Minister for Electricity replied to the points raised during the discussion. The cut motions were declared lost. Then the Demand Nos. XXXVII and XXXIX were put to vote and passed.

The House adjourned at 4.54 p.m. to meet again at 9.00 a.m on Wednesday July 28, 2021.

S.V. UNNIKRISHNAN NAIR,
*Secretary.*